കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കൊല്ലം

മലയാളഭാഷ ശ്രേഷ്ഠഭാഷ

പത്രക്കുറിപ്പ് 29 ഒക്ടോബർ 2014

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**പ്രസിഡന്റ്സ് ട്രോഫി ജലോത്സവം: ദീപശിഖാപ്രയാണവും സാംസ്കാരിക സമ്മേളനവും ഇന്ന്**

നാലാമത് പ്രസിഡന്റ്സ് ട്രോഫി ജലോത്സവത്തിന്റെ ദീപശിഖാ പ്രയാണം ഇന്ന് (30-10-2014 വ്യാഴം) നടക്കും. രാവിലെ 10.30ന് ജില്ലയിലെ മൂന്നു കേന്ദ്രങ്ങളിൽ ദീപശിഖാപ്രയാണത്തിന് തുടക്കം കുറിക്കും. പാരിപ്പള്ളിയിൽ ജി എസ് ജയലാൽ എം എൽ എയും പുനലൂരിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എസ് ജയമോഹനും ഓച്ചിറയിൽ കരുനാഗപ്പള്ളി മുനിസിപ്പൽ ചെയർമാൻ എച്ച് സലീമും ദീപശിഖാപ്രയാണം ഉദ്ഘാടനം ചെയ്യും.

ദീപശിഖാപ്രയാണങ്ങൾ വൈകുന്നേരം അഞ്ചിന് ജലോത്സവനഗരിയിൽ സംഗമിക്കും. തുടർന്ന് നടക്കുന്ന സാംസ്കാരിക സമ്മേളനം സംഗീത നാടക അക്കാദമി ചെയർമാൻ സൂര്യ കൃഷ്ണമൂർത്തി ഉദ്ഘാടനംചെയ്യും. ഡോ ബി എ രാജാകൃഷ്ണൻ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ കവി കുരീപ്പുഴ ശ്രീകുമാർ, സംഗീത സംവിധായകൻ രാജീവ് ആലുങ്കൽ, എം ആർ ജയഗീത തുടങ്ങിയവർ പങ്കെടുക്കും. തുടർന്ന് എസ് എൻ ട്രസ്റ്റ് സെൻട്രൽ സ്കൂൾ വിദ്യാർഥികൾ കലാപരിപാടികൾ അവതരിപ്പിക്കും.

ജലോത്സവത്തോടനുബന്ധിച്ച് കൾച്ചറൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്നലെ (29-10-2014ബുധൻ) കൊല്ലം അഡ്വഞ്ചർ പാർക്കിൽ സ്കൂൾ വിദ്യാർഥികൾക്കായി ചിത്രരചനാ മത്സരം നടത്തി. എൽ പി വിഭാഗത്തിൽ കെട്ടുവള്ളം, യു പി വിഭാഗത്തിൽ അഷ്ടമുടിക്കായൽ കാഴ്ചകൾ, ഹൈസ്കൂൾ വിദ്യാർഥികൾക്ക് ജലോത്സവം എന്നിവയായിരുന്നു മത്സരവിഷയങ്ങൾ. കെ കരുണാകരൻപിള്ള മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. എൻ ജയചന്ദ്രൻ, കൾച്ചറൽ കമ്മിറ്റി ചെയർമാൻ ജോർജ് എഫ് സേവ്യർ വലിയവീട്, വി എസ് രാജൻലാൽ, ഗീത എന്നിവർ നേതൃത്വം നൽകി. ജില്ലാ ഇൻഫർമേഷൻ ഓഫീസർ അബ്ദുൽ റഷീദ് വിദ്യാർഥികൾക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾ വിതരണംചെയ്തു.

വൈകുന്നേരം ജലോത്സവനഗറിൽ ഇപ്പോ മ്യൂസിക്കയുടെ ആഭിമുഖ്യത്തിൽ ഇപ്പോ കിഡ്സിന്റെ ഗാനമേളയും ഉപാസന നഴ്സിംഗ് കോളേജ് വിദ്യാർഥികളുടെ കലാപരിപാടികളും നടന്നു.

(പി.ആർ.കെ.നമ്പർ-1877/2014)

## ഗുണഭോക്തൃവിഹിതം അടയ്ക്കണം

തൃക്കോവിൽവട്ടം പഞ്ചായത്തിലെ 2014-15 വാർഷിക പദ്ധതികളിൽ കൃഷിയുമായി ബന്ധപ്പെട്ട് ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികൾ നവംബർ അഞ്ചിന് മുമ്പ് കൃഷിഭവനുമായി ബന്ധപ്പെട്ട് ഗുണഭോക്തൃവിഹിതം അടയ്ക്കണമെന്ന് കൃഷി ഓഫീസർ അറിയിച്ചു.

(പി.ആർ.കെ.നമ്പർ-1878/2014)

## ടെണ്ടറുകൾ ക്ഷണിച്ചു

അഞ്ചൽ അഡീഷണൽ കുളത്തൂപ്പുഴ ഐ സി ഡി എസ് പ്രോജക്ടിലെ 18 അങ്കണവാടികളിലേക്ക് വെയിംഗ് സ്കെയിലുകളും 118 അങ്കണവാടികളിലേക്ക് കണ്ടിജൻസി സാധനങ്ങളും വിതരണം ചെയ്യാൻ താത്പര്യമുള്ളവരിൽ നിന്നും പ്രത്യേകം ടെണ്ടറുകൾ ക്ഷണിച്ചു. അവസാന തീയതി നവംബർ 13. വിശദവിവരങ്ങൾക്കും ടെണ്ടർ ഫോറത്തിനും അഞ്ചൽ അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസുമായി ബന്ധപ്പെടണം.

(പി.ആർ.കെ.നമ്പർ-1879/2014)

## സ്വാപ് മേള ഇന്ന് (ഒക്ടോബർ 30)

ദേശീയ ശുചിത്വ കാമ്പയിനിന്റെ ഭാഗമായി ജില്ലാ ശുചിത്വ മിഷൻ സംഘടിപ്പിക്കുന്ന സ്വാപ് മേള ഇന്ന് (30) ഉച്ചക്ക് രണ്ടിന് മയ്യനാട് എസ് എസ് സമിതി അഭയ കേന്ദ്രത്തിൽ നടക്കും. പ്രാഥമിക ഉപഭോക്താവ് ഉപയോഗത്തിന് ശേഷം ഒഴിവാക്കുന്ന പുനഃരുപയോഗ സാധ്യതയുള്ള സാധനങ്ങൾ ശുചിത്വ മിഷൻ അഭയകേന്ദ്രത്തിന് ചടങ്ങിൽ കൈമാറും.

(പി.ആർ.കെ.നമ്പർ-1880/2014)

## വാക്ക് ഇൻ ഇന്റർവ്യൂ

കൊല്ലം ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ ബിസിനസ് ഡവലപ്മെന്റ് മാനേജർ, ട്രെയിനർ തസ്തികകളിലേക്ക് യഥാക്രമം ഒക്ടോബർ 31, നവംബർ ഒന്ന് തീയതികളിൽ രാവിലെ 11ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ബിസിനസ് ഡവലപ്മെന്റ് മാനേജർ തസ്തികയിൽ ഒരൊഴിവാണുള്ളത്. എം ബി എ (മാർക്കറ്റിംഗ്), രണ്ട് വർഷത്തെ പ്രവൃത്തിപരിചയം, മലയാളത്തിലും ഇംഗ്ലീഷിലും മികച്ച ആശയ വിനിമയപാടവം എന്നീ യോഗ്യതകളുള്ളവരെയാണ് പരിഗണിക്കുന്നത്.

ട്രെയിനർ തസ്തികയിൽ രണ്ട് ഒഴിവുകളുണ്ട്. അപേക്ഷകർക്ക് എതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദം, സോഫ്റ്റ് സ്കിൽ ട്രെയിനിംഗിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയം, മലയാളത്തിലും ഇംഗ്ലീഷിലും മികച്ച ആശയ വിനിമയപാടവം എന്നിവ ഉണ്ടായിരിക്കണം. വിശദ വിവരങ്ങൾക്ക് 0474-2740615 എന്ന ഫോൺ നമ്പരിൽ ലഭിക്കും.

(പി.ആർ.കെ.നമ്പർ-1881/2014)

## തെരഞ്ഞെടുപ്പ് പരിശീലന പരിപാടി ഇന്ന്:
## തെരഞ്ഞെടുപ്പ് കമ്മീഷണർ പങ്കെടുക്കും

തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് 2015 ൽ നടക്കാനിരിക്കുന്ന പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ കിലയുമായി സഹകരിച്ച് വരാണാധികാരി

കൾക്കും ഉപവരാണാധികാരികൾക്കുമായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടി ഇന്ന് (30) കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. ജില്ലയിലെ മുഖത്തല, ഇത്തിക്കര, വെട്ടിക്കവല ബ്ലോക്കുകളിലെ ഗ്രാമപഞ്ചായത്തുകളുടെ വരാണാധികാരികൾക്കും ഉപവരാണാധികാരി കൾക്കുമാണ് രാവിലെ 10 മുതൽ വൈകുന്നേരം 4.30 വരെ പരിശീലനം നൽകുന്നത്. സംസ്ഥാന തെരഞ്ഞടുപ്പ് കമ്മീഷണർ കെ ശശിധരൻ നായർ പരിപാടിയിൽ പങ്കെടുക്കും.

(പി.ആർ.കെ.നമ്പർ-1882/2014)

**യു ഐ റ്റി: എസ് സി/എസ് റ്റി സീറ്റൊഴിവ്**

കൊല്ലം മുളങ്കാടകത്തുള്ള യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (യു ഐ റ്റി) സെന്ററിൽ എം എസ് സി കമ്പ്യൂട്ടർ സയൻസ് കോഴ്സിന് എസ് സി/എസ് റ്റി വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. താത്പര്യമുള്ള വിദ്യാർഥികൾ ഇന്ന് (ഒക്ടോബർ 30) രാവിലെ 10ന് അസൽ സർട്ടിഫിക്കറ്റുകളുമായി യു ഐ റ്റി ഓഫീസിൽ എത്തണം. ഫോൺ: 0474-2798413.

(പി.ആർ.കെ.നമ്പർ-1883/2014)

**നാഷണൽ ഗെയിംസ്: കൾച്ചറൽ ആന്റ് അവാർഡ് കമ്മിറ്റി യോഗം രണ്ടിന്**

നാഷണൽ ഗെയിംസിനോടനുബന്ധിച്ചുള്ള കൾച്ചറൽ ആന്റ് അവാർഡ് കമ്മിറ്റിയുടെ യോഗം നവംബർ രണ്ടിന് വൈകിട്ട് ആറിന് ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേരും.

(പി.ആർ.കെ.നമ്പർ-1884/2014)

**എസ് ആർ സി ഫോട്ടോഗ്രാഫി അവാർഡ്**

ലോക സാക്ഷരതാ ദിനാചരണത്തോടനുബന്ധിച്ച് സ്റ്റേറ്റ് റിസോഴ്സ് സെന്റർ സംഘടി പ്പിച്ച ഫോട്ടോഗ്രാഫി മത്സരത്തിൽ ദ്വാരകാനാഥൻ ഒന്നാം സ്ഥാനം നേടി. ഷാജി ചേർത്തല, അജീബ് കോമാച്ചി എന്നിവർക്കാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ. ജയപ്രകാശ് കോമ ത്ത്, മോഹനൻ കിഴക്കുംപുറത്ത്, ബിജു ജോർജ്, ബാബു തോമസ്, അശോക് മണലൂർ, പ്രശാന്ത് പട്ടൻ, ഷൈനി ജോസ് എന്നിവർ പ്രോത്സാഹന സമ്മാനങ്ങൾ നേടി.

(പി.ആർ.കെ.നമ്പർ-1885/2014)

(അവസാനിച്ചു)